# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3639** 15.03.2018-ൽ **മറുപടിക്ക്**

ചെറുകിട കേബിൾ ഓപ്പറേറ്റർമാരിൽ നിന്ന് ഈടാക്കുന്ന നിരക്ക്

| | ചോദ്യം<br>ശ്രീ. അൻവർ സാദത്ത് : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നിലവിൽ കെ.എസ്.ഇ.ബി. യുടെ 110/220 കെ.വി. ടവറിൽക്കൂടി വലിച്ചിട്ടുള്ള ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ചെറുകിട കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് കരാർ പുതുക്കി നൽകേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ;; | (എ) | ഇല്ല. |
| (ബി) | ഇത് പുതുക്കി നൽകേണ്ട എന്ന് തീരുമാനിക്കുവാൻ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | കെ.എസ്.ഇ.ബി. യുടെ പോസ്റ്റുകളിൽ കൂടി കേബിൾ വലിയ്ക്കുന്നതിന് ചെറുകിട കേബിൾ ഓപ്പറേറ്റർമാരിൽ നിന്ന് ഈടാക്കുന്ന നിരക്ക് കുറയ്ക്കുന്നകാര്യം പരിഗണിക്കുമോ; | (സി) | പരിഗണനയിലില്ല. |
| (ഡി) | നിലവിൽ ചെറുകിട കേബിൾ ടി.വി. ഓപ്പറേറ്റർമാരെ ഇ. എഫ് താരിഫിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ ചെറുകിട വ്യവസായ മേഖലയ്ക്ക് അനുവദിയ്ക്കുന്ന ഇളവ് ഈ മേഖലയ്ക്കും അനുവദിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ കേബിൾ ടി.വി നെറ്റ് വർക്ക് ഓപ്പറേറ്റർ മാരുടെ ഓഫീസുകൾ LT.VI F എന്ന താരിഫിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ചെറുകിട വ്യവസായ മേഖലയെ LT IV താരിഫിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം താരിഫ് നിർണ്ണയം നടത്തിയിട്ടുള്ളത് സംസ്ഥാനത്തെ വൈദ്യുതി റഗുലേറ്ററി കമ്മീഷനാണ്. വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണമായ അധികാരം വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. അതിനാൽ താരിഫ് നിശ്ചയിക്കുന്നതിനോ വ്യതിയാനങ്ങൾ വരുത്തുന്നതിനോ യാതൊരുവിധ അധികാരവും കെ. എസ്. ഇ. ബി യ്ക്കോ സർക്കാരിനോ ഇല്ല. വ്യവസായ മേഖലയ്ക്ക് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള നിരക്ക്, കേബിൾ ടി.വി ഓപ്പറേറ്റർമാർക്കും ലഭിക്കുന്നതിനു കമ്മീഷനിൽ യഥാസമയം സമീപിക്കേണ്ടതാണ്. |

Hemalatha

സെക്ഷൻ ഓഫീസർ